പിറവം നഗരസഭാ കാര്യാലയം,
പിറവം
ഫോൺ : 0485-2242339

E4-5695/17

**തീയതി : 18.10.2022**

# ലേല നോട്ടീസ്

പിറവം നഗരസഭയിൽ മാലിന്യ സംസ്കരണത്തിനായി ഉപയോഗിച്ചിരുന്ന 1989 മോഡൽ DCM ടയോട്ട ലോറി (KL-7-A-1719) 27.10.2022 വ്യാഴാഴ്ച രാവിലെ 11.30-ന് നഗരസഭാ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11.30–ന് മുമ്പായി 1,250/- രൂപ നിരതദ്രവ്യം നഗരസഭയിൽ ഒടുക്കേണ്ടതാണ്.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ https://piravommunicipality.lsgkerala.gov.in നഗരസഭയുടെ എന്ന വെബ് സെറ്റിൽ നിന്നോ, ഓഫീസ് പ്രവർത്തി സമയത്ത് നഗരസഭാ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്. (0485-2242339)

സെക്രട്ടറി
പിറവം നഗരസഭ

പകർപ്പ്:

1. ബഹു. ചെയർപേഴ്സന്റെ മേശപ്പുറത്ത്
2. ബഹു. ഡെപ്യൂട്ടി ചെയർമാന്റെ മേശപ്പുറത്ത്
3. അസിസ്റ്റന്റ് എഞ്ചിനീയർ, പിറവം നഗരസഭ
4. നോട്ടീസ് ബോർഡ് - ഓഫീസ് & ലൈബ്രറി, സിവിൽ സ്റ്റേഷൻ, വില്ലേജ് ഓഫീസ്

എസ്എംഎസ്

# പിറവം നഗരസഭ

E4 - 5695/17

തീയതി : 18.10.2022

**പിറവം നഗരസഭയിലെ KL-7-A-1719 നമ്പർ ലോറി ലേലം ചെയ്യുന്നതിനുള്ള നിബന്ധനകൾ:-**

പിറവം നഗരസഭയിൽ മാലിന്യ സംസ്കരണത്തിനായി ഉപയോഗിച്ചിരുന്ന KL-7-A-1719 നമ്പർ പഴയ DCM ടയോട്ട ലോറി 27.10.2022 തീയതി രാവിലെ 11.30-ന് നഗരസഭാ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

1. നിശ്ചയിച്ചിട്ടുള്ള മതിപ്പു വില - 50,000/-
2. നിരതദ്രവ്യം - 1,250/-

ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. ലേലത്തുകയുടെ 2/3 ഭാഗം അന്നേ ദിവസം തന്നെ നഗരസഭയിൽ ഒടുക്കേണ്ടതുമാണ്. നഗരസഭാ കൗൺസിൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി ലേല തുകയും 18% GST-യും ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ നഗരസഭയുമായി കരാർ ഉടമ്പടിയിൽ ഏർപ്പടേണ്ടതുമാണ്. മുനിസിപ്പൽ എഞ്ചിനീയറുടെ മേൽനോട്ടത്തിലും മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കും അനുസരിച്ച് മാത്രമേ വാഹനം കൊണ്ടുപോകുവാനോ, പൊളിക്കുവാനോ പാടുള്ളൂ. വാഹനത്തിന്റെ ചെയ്സ് നമ്പർ രേഖപ്പെടുത്തിയ ഭാഗം തുടർനടപടികൾക്കായി നഗരസഭയിൽ ഏൽപ്പിക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവർത്തി ദിവസം തന്നെ ഇതേ പരസ്യപ്രകാരവും നിബന്ധനകൾ അനുസരിച്ചും ലേലം നടത്തുന്നതാണ്. ലേലം മാറ്റി വയ്ക്കുന്നതിനുള്ള അധികാരം നഗരസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.

സെക്രട്ടറി
പിറവം നഗരസഭ